LIBRARY ARCHIVES Kerala Legislative Assembly

കോർ റോഡ് നെറ്റ്‌വർക്ക് പദ്ധതി

300 (1385) ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. പാറോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോർ റോഡ് നെറ്റ് വർക്ക് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ബി) പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് തന്ത്ര പ്രധാനമായ റോഡ് ശൃംഖല രൂപീകരിക്കുവാൻ കെ.എസ്.ടി.പി.-യിൽ പദ്ധതിയുണ്ട്. പത്തു വർഷം കൊണ്ട് പൂർത്തീകരിക്കുന്ന രീതിയിലാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. കേരളത്തിലെ റോഡുകളുടെ സാമൂഹികവും സാമ്പത്തികവുമായ വികസന മാനദണ്ഡങ്ങൾ വച്ച് ആകെ 6000 കി.മീ. ദൈർഘ്യമുള്ള റോഡുകളാണ് പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നത്.

(ബി) നാല് പാക്കേജുകളിലായിട്ടാണ് പദ്ധതി നടപ്പിലാക്കുന്നത്. ഇതിൽ ആദ്യത്തെ പാക്കേജിന്റെ പ്രവർത്തനം തുടങ്ങാനായി കെ.എസ്.ടി.പി. ഒരു ക്ലെയ്ന്റ് എഞ്ചിനീയർ സ്റ്റാൻസറെ നിയമിച്ചിട്ടുണ്ട്. മറ്റ് മൂന്ന് പാക്കേജുകൾ നടപ്പിലാക്കുവാനായി കൺസൾട്ടന്റുമാരെ നിയമിക്കുന്നതിനുള്ള ദർഘാസ് നടപടികൾ കെ.എസ്.ടി.പി. തുടങ്ങിയിട്ടുണ്ട്.

ആസ്തി വികസന സ്കീം

301 (1386) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിയോജക മണ്ഡലം ആസ്തി വികസന സ്കീമിൽ ഉൾപ്പെടുത്തി അനുവദിച്ചിട്ടും കരാറുകാർ ഏറ്റെടുക്കാത്ത നിർമ്മാണ പ്രവൃത്തികൾ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി റീ-ടെൻഡർ നടപടികൾ ഡിസംബർ മാസത്തിൽ തന്നെ പൂർത്തീകരിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

നിയോജക മണ്ഡലം ആസ്തി വികസന സ്കീമിൽ ഉൾപ്പെടുത്തി അനുവദിച്ചിട്ടും കരാറുകാർ ഏറ്റെടുക്കാത്ത നിർമ്മാണ പ്രവൃത്തികൾ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി റീ-ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ആസ്തിവികസന പദ്ധതിയിൽ ഉൾപ്പെടുത്തി കെട്ടിട നിർമ്മാണം

302(1387) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ നിയോജക മണ്ഡലത്തിൽ മണ്ഡലം ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ നിലവിലുള്ള അവസ്ഥ വിശദമാക്കുമോ;

(ബി) പൂർത്തീകരിക്കാത്ത ഓരോ കെട്ടിടങ്ങളുടെയും നിർമാണം എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ&ബി) പയ്യന്നൂർ നിയോജക മണ്ഡലത്തിൽ മണ്ഡലം ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ നിലവിലുള്ള അവസ്ഥയും അവ പൂർത്തീകരിക്കാൻ വേണ്ട സമയവും അനുബന്ധമായി ചേർത്തിരിക്കുന്നു.

എന്റെ നിയോജകമണ്ഡലം ആസ്തി വികസന സ്കീം

303 (1388) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പിനുകീഴിൽ കുട്ടനാട്ടിൽ അനുവദിച്ച നിർമ്മാണ പ്രവൃത്തികൾ വിശദമാക്കിയ ലിസ്റ്റ് ലഭ്യമാക്കുമോ ;

(ബി) എന്റെ നിയോജക മണ്ഡലം ആസ്തി വികസന സ്കീമിൽ നിന്നും പൊതുമരാമത്ത് വകുപ്പ് മുഖേന നടപ്പിലാക്കുന്ന നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി വിശദീകരിച്ച കൊണ്ടുള്ള അവലോകന റിപ്പോർട്ട് ലഭ്യമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly